നമ്പർ.ഒ&എം(1)/8712/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 20/03/2020

# പരിപത്രം

വിഷയം :- പൊതുവിദ്യാഭ്യാസം - കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങൾ - സന്ദർശന നിയന്ത്രണം ഏർപ്പെടുത്തുന്നത് - സംബന്ധിച്ച് :-

സൂചന :- 1. സർക്കാർ പരിപത്രം നം.എസ്.എസ്1/50/2020/പൊ.ഭ.വ തീയതി. 18/03/2020.
2. സർക്കാർ ഉത്തരവ് (സാധാ)നം/1238/2020/പൊ.ഭ.വ തീയതി. 19/03/2020.

സംസ്ഥാനത്ത് കോവിഡ് 19 അണുബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പിലെ എല്ലാ ഓഫീസുകളിലും സന്ദർശക നിയന്ത്രണം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ബ്രേക്ക് ദ ചെയിൻ ക്യാംപയിന്റെ തുടർച്ചയായി ഇക്കാര്യത്തിൽ കൈക്കൊള്ളേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. വകുപ്പിലെ എല്ലാ ഓഫീസ് കവാടങ്ങളിലും ഹെൽപ്പ് ഡെസ്ക്ക് ഒരുക്കണം. ബ്രേക്ക് ദ ചെയിൻ പ്രചരണ മുദ്രാവാക്യങ്ങൾ ആലേഖനം ചെയ്ത പോസ്റ്റർ/ബാനർ പതിച്ച ഈ സംവിധാനത്തിൽ നിശ്ചിത നിലവാരത്തിലുള്ള ഹാൻഡ്‌വാഷ്, സാനിട്ടൈസർ എന്നിവ സജ്ജീകരിച്ചിരിക്കണം. (ഫ്ളക്സ് ബോർഡുകൾ പാടില്ല)
2. ഓഫീസിലെത്തുന്ന എല്ലാ വിഭാഗം സന്ദർശകർക്കും ആവശ്യമായ പ്രാഥമിക വിവര ശേഖരണം ഹെൽപ്പ് ഡെസ്ക്ക് വഴി നിറവേറ്റണം. സെക്ഷനുകളിലേയ്ക്ക് ഫോൺ മുഖാന്തിരം ബന്ധപ്പെട്ടോ അവശ്യ സന്ദർഭങ്ങളിൽ സെക്ഷൻ ക്ലാർക്കുമാരെ ഹെൽപ് ഡെസ്ക്കിലേക്ക് വിളിച്ച് വരുത്തിയോ ഇത് ചെയ്യാവുന്നതാണ്.
3. സന്ദർശകർ കൊണ്ടുവന്ന അപേക്ഷകൾ/നിവേദനങ്ങൾ ഹെൽപ് ഡെസ്ക്കിൽ ശേഖരിച്ച് കൈപ്പറ്റ് രസീത് നൽകണം. മറുപടിയ്ക്കായി നൽകുന്ന ഫോൺ നമ്പർ/ഇ-മെയിൽ വിലാസം കൃത്യമായി ശേഖരിച്ച് ബന്ധപ്പെട്ട സെക്ഷനുകൾക്ക് അപേക്ഷ/നിവേദനത്തോടൊപ്പം നൽകണം.
4. ഓരോ ഓഫീസിലേയും വിവിധ സെക്ഷനുകളിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ സംബന്ധിച്ച ലഘു വിവരണം സെക്ഷനുകളുടെ ഫോൺ നമ്പർ/ഇ-മെയിൽ വിലാസം എന്നിവ എഴുതി പ്രദർശിപ്പിച്ചിരിക്കണം പൊതുജനങ്ങൾ ഇതുസംബന്ധിച്ച് ഉന്നയിക്കുന്ന എല്ലാ സംശയങ്ങളും യുക്തിസഹമായി ദുരീകരിക്കാൻ കഴിയുന്ന ഉദ്യോഗസ്ഥരായിരിക്കണം ഹെൽപ് ഡെസ്ക്കിന്റെ മേൽനോട്ടം വഹിക്കേണ്ടത്.
5. അടിയന്തിര ഘട്ടങ്ങളിൽ മാത്രമേ സന്ദർശകരെ സെക്ഷനുകളിലേക്ക് കടത്തി വിടാവൂ. ഇത്തരം പ്രവേശനങ്ങൾ ഒരു വാതിലിൽ കൂടി മാത്രമായി പരിമിതപ്പെടുത്തണം. അകത്തേയ്ക്ക് കടക്കുന്ന സന്ദർശകർ കൈകൾ ഹാൻഡ് വാഷ്/സാനിട്ടൈസർ ഉപയോഗിച്ച് വൃത്തിയാക്കിയിട്ടുണ്ടെന്നും യോഗ്യമായ മാസ്ക്കുകൾ ധരിച്ചിട്ടുണ്ടെന്നും ഉറപ്പാക്കണം.

ഓഫീസുകളിലെ എല്ലാ സെക്ഷനുകളും, വാഷ് റൂമുകൾ പ്രത്യേകിച്ചും അണുമുക്തമാക്കുന്നതിനും ആവശ്യമായ അത്രയും ഹാൻഡ് വാഷുകളും സാനിട്ടൈസറുകളും ക്രമീകരിക്കുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. ഇതിനായി ഓരോ ഓഫീസിലും ഉത്തരവാദിത്തപ്പെട്ട ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.

ഹെൽപ് ഡെസ്ക്ക്, അനുബന്ധ പ്രവർത്തനങ്ങൾ, ഇൻഫ്രാറെഡ് തെർമൽ സ്കാനർ ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ ഓഫീസ് എക്സ്പെൻസ് ഹെഡ്ഡിൽ വകയിരുത്താവുന്നതാണ്. സർവ്വീസ്/സന്നദ്ധ സംഘടനകളുടെ സഹായവും ഇക്കാര്യത്തിൽ തേടാവുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഹെൽപ് ഡസ്ക് നമ്പറുകൾ ഇവയാണ്

secret.dge@kerala.gov.in - 0471-2580508, 0471-2580522, 0471-2325106

പൊതുവിദ്യാഭ്യാസ ഡയറക്ടർ

അസ്സൽ:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ, ടെക്സ്റ്റ് ബുക്ക് ഓഫീസർ
4. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
5. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)
6. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും

പകർപ്പ്:-

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ
2. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
3. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാഡമിക്)
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. സീനിയർ ഫിനാൻസ് ഓഫീസർ
6. സീനിയർ ലോ ഓഫീസർ

(1–6: സി.എ മുഖാന്തിരം)

7. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
8. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
9. കരുതൽ ഫയൽ.